Kerala kaumudi 19.10.17

# കാണിക്കയായി 5 പുതിയ നെൽവിത്തുകൾ

രാഹുൽ ചന്ദ്രശേഖർ

കോട്ടയം: കേരളപ്പിറവി ദിനത്തിൽ കാണിക്കയായി അഞ്ച് പുതിയ ഇനം നെൽ വിത്തുകൾ കൂടി കാർഷിക സർവകലാശാല നാടിന് സമർപ്പിക്കും. കൃഷിവകുപ്പിന്റെ അനുമതി ലഭിച്ചാൽ ഈ വിത്തുകൾ കൃഷി ചെയ്യാം.മങ്കൊമ്പ്, മണ്ണുത്തി, വൈറ്റില, പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രങ്ങളാണ് പുതിയ വിത്തുകൾ വികസിപ്പിച്ചത്.കാലാവസ്ഥാപ്രതിരോധം, മികച്ച വിളവ്, വിളവെടുപ്പിന് ഹ്രസ്വകാലം തുടങ്ങിയവയാണ് ഇവയുടെ സവിശേഷതകൾ. ഓരോ വിത്തിനും മൂന്ന് പേരുകളാണ് കാർഷിക സർവകലാശാല നിർദ്ദേശിച്ചിരിക്കുന്നത്. കൃഷിവകുപ്പിന്റെ അനുമതി ലഭിക്കുന്നതോടെ ഇവയിൽ ഒരു പേരിടും. കേരളപ്പിറവി ദിനത്തിൽ പേരിട്ട് വിത്തുകൾ ഔദ്യോഗികമായി സമർപ്പിക്കാനാണ് ആലോചന.

## അഞ്ചിനങ്ങളും ഗുണങ്ങളും




### ഉമയെ വെല്ലും

കുട്ടനാടൻ പാടശേഖരങ്ങളിൽ തരംഗമായ 'ഉമ'യെ വെല്ലുന്ന ഇനമാണ് മങ്കൊമ്പ് ഗവേഷണ കേന്ദ്രം വികസിപ്പിച്ചത്. ഉമ 120-125 ദിവസം കൊണ്ട് കൊയ്യാമെങ്കിൽ പുതിയ നെല്ല് 115-120 ദിവസം കൊണ്ട് വിളവെടുക്കാം. 35 ഡിഗ്രിക്ക് മേൽ ചൂട് പ്രതിരോധിക്കും. പുഞ്ചക്കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. ചൂട് കൂടുമ്പോഴുള്ള പുള്ളിക്കുത്ത് രോഗത്തെയും പ്രതിരോധിക്കും.

### മണ്ണുത്തിയിലെ 'ഹ്രസ്വ'

75 ദിവസം കൊണ്ട് വിളവെടുക്കാവുന്ന ഹ്രസ്വകാല കൃഷിക്കുള്ള ഇനമാണ് മണ്ണുത്തി ഗവേഷണ കേന്ദ്രത്തിന്റേത്. വരൾച്ചയെ പ്രതിരോധിക്കും. ഹെക്ടറിന് അഞ്ച് ടണ്ണിലേറെ നെല്ല് ലഭിക്കും.

### പൊക്കാളി വിത്ത്

ഓരു വെള്ള ഭീഷണിയെ തടഞ്ഞ് പൊക്കാളി കൃഷിക്ക് അനുയോജ്യമായ വിത്താണ് വൈറ്റില ഗവേഷണ കേന്ദ്രം വികസിപ്പിച്ചത്.

വെള്ളത്തിലെ ഉയർന്ന ലവണാംശത്തെ പ്രതിരോധിക്കും. മഞ്ഞപ്പ്, കുമിൾ രോഗങ്ങളും ഏശില്ല.

### മുണ്ടകന് രണ്ട്

പാലക്കാട്ടെ മുണ്ടകൻ പാടങ്ങൾക്ക് ചേരുന്ന രണ്ട് വിത്തിനങ്ങളാണ് പട്ടാമ്പി ഗവേഷണ കേന്ദ്രം വികസിപ്പിച്ചത്. 140-150 ദിവസംകൊണ്ട് വിളവെടുക്കാം. കച്ചിയും കൂടുതൽ കിട്ടും. ഒരു ഹെക്ടറിന് ആറ് ടൺ നെല്ല് വരെയാണ് പ്രതീക്ഷിക്കുന്നത്.